# കേരള സർവകലാശാല

നം.പി.ആർ.205/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അഡ്മിഷൻ 2016-17

### എസ്.സി/എസ്.ടി/ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക്

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിലേക്ക് രണ്ട്, മൂന്ന് തീയതികളിൽ സർവകലാശാല സെനറ്റ് ഹാളിൽ വച്ച് എം.എ, എം.എസ്സി, എം.കോം കോഴ്സുകളിൽ ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്കുള്ള സ്പോട്ട് അഡ്മിഷൻ നടക്കും. ആ ദിവസങ്ങളിൽ നിലവിൽ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ ഒമ്പത് മണിമുതൽ 10 മണി വരെ രജിസ്റ്റർ ചെയ്യുന്ന എസ്.സി/ എസ്.ടി വിദ്യാർത്ഥികളെയാണ് പരിഗണിക്കുക. നവംബർ രണ്ടിന് എം.എസ്സി, എം.കോം വിഷയങ്ങൾക്കും നവംബർ മൂന്നിന് എം.എ വിഷയങ്ങൾക്കുമാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് രാവിലെ ഒമ്പത് മണിമുതൽ 11 മണി വരെയാണ് രജിസ്ട്രേഷൻ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടേതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും അനുവദനീയമായ കാലയളവിനുള്ളിൽ ലഭിച്ച ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. നിശ്ചിത പ്രവേശന ഫീസായ 110 രൂപ/720 രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. ഓൺലൈൻ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ രജിസ്റ്റർ ചെയ്യാത്തവരെയും പരിഗണിക്കും. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി കൊണ്ടുവരണം. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാല ബിരുദമുള്ളവർ കേരള സർവകലാശാലയുടെ യോഗ്യത (എലിജിബിലിറ്റി) സർട്ടിഫിക്കറ്റ് ഹാജരാക്കണം. രണ്ട്, മൂന്ന് തീയതിലെ പ്രവേശനത്തിനുശേഷം ഒഴിവുവരുന്ന എസ്.സി/എസ്.ടി സീറ്റുകൾ നിയമാനുസൃതം മറ്റ് സംവരണ വിഭാഗങ്ങളിലേക്ക് മാറ്റപ്പെടും.

*(എല്ലാ എഡിഷനുകളിലും നവംബർ രണ്ട്, മൂന്ന് തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

### ഡിഗ്രി പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല നവംബർ 18-ന് തുടങ്ങുന്ന സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ അതത് കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങണം. തിരുവനന്തപുരം ജില്ലയിൽ യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം ജില്ലയിൽ എസ്.എൻ വനിതാ കോളേജ്, ആലപ്പുഴ ജില്ലയിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ്, പത്തനംതിട്ട ജില്ലയിൽ

അടൂർ സെന്റ് സിറിൾസ് കോളേജ് എന്നിങ്ങനെ പരീക്ഷാകേന്ദ്രങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ പരീക്ഷാകേന്ദ്രങ്ങളിലും വരുന്ന കോളേജുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല നാലാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), എട്ടാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (കോമൺ /മേഴ്സി ചാൻസ് - 2011-12-ന് മുമ്പുള്ള അഡ്മിഷനുകൾ) പരീക്ഷ നവംബർ 21-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## പി.ജി പരീക്ഷാഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ, എം.എസ്സി, എം.കോം പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## എം.എ മലയാളം വൈവ

കേരള സർവലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എ മലയാളം വൈവ നവംബർ എട്ട് മുതൽ 11 വരെ തിരുവനന്തപുരം പാളയം എസ്.ഡി.ഇ-യിലും നവംബർ 14 മുതൽ 18 വരെ കൊല്ലം തേവള്ളിയിലെ സർവകലാശാല ബി.എഡ് കേന്ദ്രത്തിലും നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## സ്പോക്കൺ ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് കേന്ദ്രം സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 18. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## അഡോളസന്റ് & പ്രീ-മാരിറ്റൽ കൗൺസലിംഗ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഡോളസന്റ് ആൻഡ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത : ബിരുദം ജയം. ഫീസ് 7500/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ. നവംബർ അഞ്ചിന് ക്ലാസുകൾ തുടങ്ങും. താൽപര്യമുള്ളവർ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

## മനുഷ്യാവകാശങ്ങളും കടമകളും : സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് നടത്തുന്ന മനുഷ്യാവകാശങ്ങളും കടമകളും എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷ

നവംബർ 19 രാവിലെ 10 മണിക്ക് നിയമപഠനവകുപ്പിൽ നടത്തും. അപേക്ഷാഫോറം നിയമപഠനവകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 14. ഫോൺ. 0471–2308936.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
01.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**